ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 27.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശക്തവും സ്വാശ്രയവുമായ ഭാരതം കെട്ടിപ്പടുക്കുന്നതിൽ ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says officers play crucial role in building strong and self-reliant India.**

2. രാജ്യത്ത് ഇന്ധന കയറ്റുമതിക്ക് നിയന്ത്രണം. ആഭ്യന്തര വിപണിയിൽ ഇന്ധന ലഭ്യത ഉറപ്പാക്കാൻ നടപടി ആരംഭിച്ച് കേന്ദ്രസർക്കാർ.

   **India imposes fuel export restrictions; Central Government takes steps to ensure domestic availability.**

3. ആഗോളതലത്തിൽ കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിൽ ഇന്ത്യ നിർണ്ണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ.

   **Union Minister Anupriya Patel notes India plays vital role in making low-cost medicines available globally.**

4. രാജ്യത്തിന്റെ വ്യോമ-സമുദ്ര സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കാൻ ലക്ഷ്യമിട്ട് 858 കോടി രൂപയുടെ നിർണ്ണായക കരാറുകളിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയം ഒപ്പുവെച്ചു.

**Defence Ministry signs crucial contracts worth 858 crore rupees to strengthen nation's air and maritime security.**

5. **കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. 140 മണ്ഡലങ്ങളിലായി ജനവിധി തേടുന്നത് 890 സ്ഥാനാർത്ഥികൾ.**

**Assembly election campaign intensifies in Kerala; 890 candidates seek mandate across 140 constituencies.**

6. **ഐ.പി.എൽ. ക്രിക്കറ്റ് ടൂർണമെൻറ് 19-ാം സീസണിന് നാളെ തുടക്കം. ആദ്യ മത്സരം, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവും, സൺറൈസേഴ്സ് ഹൈദരാബാദും തമ്മിൽ.**

**IPL 19th season kicks off tomorrow; Royal Challengers Bengaluru face Sunrisers Hyderabad in opening match.**

## PREZ-OFFICERS

ശക്തവും സ്വാശ്രയവുമായ ഭാരതം കെട്ടിപ്പടുക്കുന്നതിൽ ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സെൻട്രൽ പവർ എഞ്ചിനീയറിംഗ് സർവീസ്, ഇന്ത്യൻ ഇക്കണോമിക് സർവീസ് എന്നിവയിലെ ഉദ്യോഗസ്ഥരുമായി രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ വികസനത്തിന് ഊർജമേഖലയിലെ കൃത്യമായ ആസൂത്രണം അനിവാര്യമാണെന്ന് സിപിഇഎസ് ഉദ്യോഗസ്ഥരോട് രാഷ്ട്രപതി പറഞ്ഞു. സാമ്പത്തിക നയരൂപീകരണത്തിൽ കണക്കുകൾക്കപ്പുറം മാനുഷിക പരിഗണനയ്ക്കും മുൻഗണന

നൽകണമെന്ന് ഐഐഎസ് ഉദ്യോഗസ്ഥരോട് രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## ENERGY AND FUEL

രാജ്യത്ത് ഇന്ധനം, ഊർജ്ജം, മറ്റ് അവശ്യ വസ്തുകക്കൾ എന്നിവയുടെ തടസ്സരഹിതമായ ലഭ്യത ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രി ഹർദീപ് സിംങ് പുരി. അടുത്ത 60 ദിവസത്തേക്കുള്ള അസംസ്കൃത എണ്ണയുടെ കരുതൽ ശേഖരം നിലവിൽ ഇന്ത്യയ്ക്കുണ്ടെന്നും പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുള്ള വർദ്ധിച്ച ഇറക്കുമതിയിലൂടെ വിതരണത്തിലെ ഏതു പ്രതിസന്ധിയും പരിഹരിക്കാൻ ഇന്ത്യക്കാവുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## WEST ASIA-DAILY BRIEF EARLY

പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുതിച്ചുയരുന്ന സാഹചര്യത്തിൽ രാജ്യത്ത് ഇന്ധനലഭ്യത ഉറപ്പുവരുത്താൻ നിർണ്ണായക നീക്കവുമായി കേന്ദ്ര സർക്കാർ. ഡീസൽ, വിമാന ഇന്ധനം എന്നിവയുടെ കയറ്റുമതിക്ക് കേന്ദ്രം പ്രത്യേക നികുതി ഏർപ്പെടുത്തി. അതേസമയം ആഭ്യന്തര വിപണിയിലെ വിലക്കയറ്റം തടയാൻ പെട്രോളിന്റെയും ഡീസലിന്റെയും ആഭ്യന്തര തീരുവകളിൽ ഇളവ് വരുത്തുകയും ചെയ്തു.

അന്താരാഷ്ട്ര വിപണിയിൽ വില വർദ്ധിച്ചതോടെ ലാഭം ലക്ഷ്യമിട്ട് എണ്ണക്കമ്പനികൾ ഇന്ധനം വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നത് തടയാനാണ് ഈ നീക്കം.

❁❁❁❁❁❁❁❁❁❁❁❁❁

## WEST ASIA-LPG

രാജ്യത്ത് വാണിജ്യ സിലിണ്ടർ വിതരണം സാധാരണ നിലയിലേക്ക്. ഇറക്കുമതി ചെയ്യുന്ന എൽ.പി.ജിയുടെ 90 ശതമാനവും ഹോർമുസ് കടലിടുക്ക് വഴിയാണ് എത്തുന്നത് എന്നതിനാൽ ആഭ്യന്തര ഉപഭോക്താക്കളുടെ ആവശ്യത്തിനാണ് സർക്കാർ നിലവിൽ മുൻഗണന നൽകുന്നത്. വാണിജ്യ ആവശ്യങ്ങൾക്കുള്ള എൽ.പി.ജി വിതരണത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഘട്ടംഘട്ടമായി നീക്കി വരികയാണ്. നിലവിൽ 70 ശതമാനം വിതരണവും പുനഃസ്ഥാപിച്ചു കഴിഞ്ഞു. മാർച്ച് 14 മുതൽ ഏകദേശം 30 ലക്ഷം ടൺ എൽ.പി.ജി, വാണിജ്യ ഉപഭോക്താക്കൾക്കായി നൽകിക്കഴിഞ്ഞതായും പെട്രോളിയം മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## LS-GENERIC MEDICINES (INTRO)

ആഗോളതലത്തിൽ കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിൽ ഇന്ത്യ നിർണ്ണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര സഹമന്ത്രി അനുപ്രിയ

പട്ടേൽ. ലോക്സഭയിലെ ചോദ്യോത്തര വേളയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ചികിത്സാ ചെലവ് കുറയ്ക്കുന്നതിനായി ഡോക്ടർമാർ മരുന്നുകളുടെ ജനറിക് പേര് തന്നെ കുറിപ്പടികളിൽ എഴുതണമെന്ന് മെഡിക്കൽ കൗൺസിൽ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മന്ത്രി സഭയിൽ പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**KUWAIT DRONE ATTACK**

കുവൈത്തിലെ പ്രധാന വാണിജ്യകേന്ദ്രമായ ഷുവൈഖ് തുറമുഖത്തിനു നേരെ ഡ്രോൺ ആക്രമണം. ആളപായമില്ല, എന്നാൽ കെട്ടിടങ്ങൾക്കും സംഭരണ ശാലകൾക്കും കനത്ത നാശനഷ്ടമുണ്ടായതായി കുവൈറ്റ് തുറമുഖ അതോറിറ്റി അറിയിച്ചു. കുവൈറ്റിൽ ചരക്ക് സംഭരണം, വിതരണം, വാണിജ്യ ഷിപ്പിംഗ് എന്നിവ കൈകാര്യം ചെയ്യുന്ന പ്രാഥമിക സമുദ്ര വ്യാപാര കേന്ദ്രത്തിലാണ് ഇന്ന് രാവിലെ ഡ്രോൺ ആക്രമണം ഉണ്ടായത്. ഇറാനെതിരെ യു.എസ്-ഇസ്രയേൽ സംയുക്ത ആക്രമണത്തെ തുടർന്ന് പശ്ചിമേഷ്യയിലുടനീളം സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് സംഭവം.

❁❁❁❁❁❁❁❁❁❁❁❁❁

**GCC COUNTRIES**

ഗൾഫ് മേഖലയിലെ സംഘർഷങ്ങൾ രൂക്ഷമാകുന്ന സാഹചര്യത്തിൽ യുഎസ്-ഇറാൻ ചർച്ചകളിൽ നേരിട്ട് പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടു ജിസിസി രാജ്യങ്ങൾ.സുരക്ഷാ ആശങ്കകൾ പരിഹരിക്കാതെ കപ്പൽ പാതകൾ വീണ്ടും തുറക്കുന്നതിൽ ജി സി സി രാജ്യങ്ങൾ ആശങ്ക പങ്കുവെച്ചു.പ്രാദേശിക സ്ഥിരത സംരക്ഷിക്കാൻ ഗൾഫ് രാജ്യങ്ങളെ ചർച്ചകളിൽ ഉൾപ്പെടുത്തണമെന്ന് ജിസിസി സെക്രട്ടറി ജനറൽ ജാസിം അൽ-ബുദൈവി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION –KERALAM

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. 140 മണ്ഡലങ്ങളിലായി 890 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. മത്സര ചിത്രം തെളിഞ്ഞതോടെ സമ്മതിദായകരെ നേരിൽ കണ്ടും, പ്രമുഖ നേതാക്കളെയടക്കം മണ്ഡലത്തിലെത്തിച്ച് പ്രചാരണം കരുത്തുറ്റതാക്കിയും വോട്ടുറപ്പിക്കുകയാണ് സ്ഥാനാർത്ഥികൾ. അടുത്തമാസം 9 നാണ് കേരളത്തിലും, പുതുച്ചേരിയിലും അസമിലും വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SURYA KIRAN–AIR SHOW

ചണ്ഡീഗഢിലെ സുഖ്ന തടാകത്തിൽ ഇന്ത്യൻ വ്യോമസേനയുടെ 'സൂര്യകിരൺ ഏയ്റോബാറ്റിക് ഡിസ്പ്ലേ' അരങ്ങേറി. ആകാശത്ത് വിസ്മയം തീർത്ത പ്രകടനങ്ങൾ കാണാൻ ആയിരക്കണക്കിന് കാണികൾ തടാകതീരത്ത് ഒത്തുകൂടി. ഇന്ത്യൻ വ്യോമസേനയുടെ കരുത്തും ഏകോപനവും വിളിച്ചോതുന്ന നിരവധി അഭ്യാസങ്ങളാണ് ടീം പ്രദർശിപ്പിച്ചത്. അഭ്യാസ പ്രകടനങ്ങൾ നാളെയും തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

**DEFENCE MINISTRY – CONTRACTS(INTRO)**

രാജ്യത്തിന്റെ വ്യോമ-സമുദ്ര സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കാൻ ലക്ഷ്യമിട്ട് 858 കോടി രൂപയുടെ നിർണ്ണായക കരാറുകളിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയം ഒപ്പുവെച്ചു. കരസേനയ്ക്കായി 'തുങ്കുഷ്ക' എയർ ഡിഫൻസ് മിസൈൽ സംവിധാനങ്ങൾ വാങ്ങുന്നതിനും നാവികസേനയുടെ 'പി- 8 ഐ' നിരീക്ഷണ വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായാണ് പുതിയ കരാറുകൾ.

*വിശദാംശങ്ങളിലേക്ക്..........*

***(VOICE)***

❁❁❁❁❁❁❁❁❁❁❁❁❁

**DEFENCE MINISTRY – CONTRACTS(VOICE)**

തുങ്കുഷ്ക മിസൈൽ സംവിധാനങ്ങൾ വാങ്ങുന്നതിനായി റഷ്യൻ കമ്പനിയുമായി 445 രൂപയുടെ കരാറിലാണ് ഒപ്പു വച്ചത്. ശത്രുരാജ്യങ്ങളുടെ വിമാനങ്ങൾ, ഡ്രോണുകൾ, ക്രൂയിസ് മിസൈലുകൾ എന്നിവയെ തകർക്കാൻ ശേഷിയുള്ള അത്യാധുനിക സംവിധാനമാണിത്. ഈ കരാർ ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പ്രതിരോധ പങ്കാളിത്തത്തെ കൂടുതൽ ശക്തമാക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യൻ നാവികസേനയുടെ കരുത്തായ പി-8ഐ ലോംഗ് റേഞ്ച് മാരിടൈം റീകണൈസൻസ് വിമാനങ്ങളുടെ ഡിപ്പോ ലെവൽ ഇൻസ്പെക്ഷനായി ബോയിംഗ് ഇന്ത്യ ഡിഫൻസ് പ്രൈവറ്റ് ലിമിറ്റഡുമായി 413 കോടി രൂപയുടെ കരാറിലും മന്ത്രാലയം ഒപ്പുവെച്ചു. ഈ രണ്ട് സുപ്രധാന നീക്കങ്ങളും രാജ്യത്തിന്റെ വിവിധ തലങ്ങളിലുള്ള വ്യോമ പ്രതിരോധ സംവിധാനങ്ങളെയും സമുദ്ര നിരീക്ഷണ ശേഷിയെയും ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ സാന്നിധ്യത്തിലായിരുന്നു കരാർ ഒപ്പിടൽ ചടങ്ങ്.

ന്യൂസ്ഡസ്ക് ആകാശവാണി....

## IPL – SECOND PHASE

ഇ◌ൗ വർഷത്തെ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെൻറിന് നാളെ തുടക്കം. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7.30 ന്

ആരംഭിക്കുന്ന ആദ്യ മത്സരത്തിൽ, നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. 10 ടീമുകൾ പങ്കെടുക്കുന്ന ടൂർണമെൻറിൽ 84 മത്സരങ്ങളായിരിക്കും ഉണ്ടാവുക.

## ARCHERY-GOLD

ബാങ്കോക്കിൽ നടക്കുന്ന ഏഷ്യാ കപ്പ് വേൾഡ് റാങ്കിംഗ് അമ്പെയ്ത്ത് സ്റ്റേജ് 1 മത്സരത്തിൽ ഇന്ന് 10 മെഡലുകൾ നേടി ഇന്ത്യ. രണ്ട് സ്വർണ്ണം , നാല് വെള്ളി,നാല് വെങ്കലം എന്നിവ നേടിയാണ് ഇന്ത്യൻ താരങ്ങൾ മികച്ച പ്രകടനം കാഴ്ച വച്ചത്. ഇന്ത്യൻ താരം ഉദയ് കാംബോജ് വ്യക്തിഗത ഇനത്തിലും, രജത് ചൗഹാൻ -ചികിത തനിപാർത്തി സഖ്യം മിക്സഡ് ടീം ഇനത്തിലും സ്വർണ്ണം സ്വന്തമാക്കി.

## NEPAL-PM

നേപ്പാളിൽ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി നേതാവ് ബാലേന്ദ്ര ഷാ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡന്റ് രാമചന്ദ്ര പൗഡൽ സത്യവാചകം ചൊല്ലിക്കൊടുത്തു. നേപ്പാളിന്റെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയാണ് 35 കാരനായ ബാലേന്ദ്ര ഷാ. പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ബാലേന്ദ്ര ഷായെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദനമറിയിച്ചു.

## TREASURY

No Transaction Day' ആയി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ കേരളത്തിലെ ട്രഷറികളിൽ ഏപ്രിൽ ഒന്നിനു ഇടപാടുകൾ ഉണ്ടായിരിക്കില്ലെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു. ഏപ്രിൽ നാലിന് ട്രഷറികളിൽ പെൻഷൻ, സേവിങ്സ് ബാങ്ക് തുടങ്ങിയവ വഴിയുള്ള പണമിടപാടുകൾ ഉണ്ടാകും.

## HEATWAVE-KERALAM

സംസ്ഥാനത്ത് ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പാലക്കാട് ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കും. തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. സംസ്ഥാനത്ത് നാളെയും മറ്റന്നാളും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്.

## SABARIMALA

വിഷുവിനും മേടമാസ പൂജയ്ക്കുമെത്തുന്ന ഭക്തർക്ക് ശബരിമല ദർശനത്തിനുള്ള വെർച്ച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. ഏപ്രിൽ 10 ന് വൈകിട്ട് 5 നാണ് നടതുറക്കുന്നത്. ഏപ്രിൽ 18ന് രാത്രി 10 മണിയ്ക്ക് പൂജകൾ പൂർത്തിയാക്കി നടയടയ്ക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## MY VOTE MY STRENGTH

വോട്ടവകാശത്തിന്റെ പ്രാധാന്യം സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി തിരഞ്ഞെടുപ്പ് കമ്മീഷനും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയും ജനമൈത്രി പോലീസും സംയുക്തമായി സംഘടിപ്പിക്കുന്ന *"എന്റെ വോട്ട്, എന്റെ ശക്തി"* സംസ്ഥാനതല വോട്ടർ ബോധവത്കരണ ക്യാമ്പയിന് നാളെ തുടക്കമാകും. ക്യാമ്പയിനിന്റെ ഉദ്ഘാടനം നാളെ വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം മാനവീയം വീഥിയിൽ തിരുവനന്തപുരം പ്രിൻസിപ്പാൾ ജില്ലാ സെഷൻസ് ജഡ്ജി എസ് നസീറ നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁